ഉത്തരം

(എ) ഉണ്ട്.

(ബി) പെറോയിൽ എന്ന സ്ഥലത്ത് ഒരു ട്രാൻസ്ഫോർമർ വയ്ക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. അതിന്റെ പ്രാരംഭജോലികൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ വിളവൂർക്കൽ പഞ്ചായത്തിൽപ്പെട്ട പെരുംകാവ് എന്ന സ്ഥലത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റും തിരുമല സബ്സ്റ്റേഷനിൽ നിന്നും ഒരു പുതിയ 11 കെ. വി. ലൈൻ വലിക്കുന്നതിനുള്ള എസ്റ്റിമേറ്റും എടുത്തിട്ടുണ്ട്. ഈ ജോലികൾ ആർ. ഇ. സി. സ്കീമിൽപ്പെടുത്തി ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശുദ്ധജല വിതരണത്തിനുവേണ്ടി സ്ഥാപിച്ചിരിക്കുന്ന പമ്പു സെറ്റുകൾക്കുള്ള വൈദ്യുതി

192 [208] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിനുവേണ്ടി ജല-മലിനജല അതോറിട്ടി സ്ഥാപിക്കുന്ന പമ്പുസെറ്റുകൾക്ക് ഇലക്ട്രിസിറ്റി കണക്ഷൻ ലഭിക്കാൻ ഇലക്ട്രിസിറ്റി ബോർഡിന് കോൺട്രിബ്യൂഷൻ നൽകേണ്ടതില്ലെന്ന് ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിലിതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) കേരള ജല-മലിനജല അതോറിട്ടി, ശുദ്ധജലം പമ്പു ചെയ്യുന്നതിനുവേണ്ടി അപേക്ഷിക്കുന്ന വൈദ്യുത കണക്ഷനുകൾക്ക് കണക്ഷൻ നൽകുന്നതിനു മതിപ്പു ചെലവ് പൈസന്നിന് 5000 രൂപ വരെയാണെങ്കിൽ കോൺട്രിബ്യൂഷൻ നൽകേണ്ടതില്ലെന്നാണ് നിലവിലുള്ള ഉത്തരവ്. 5000 രൂപയിൽ കൂടുതൽ മതിപ്പ് ചെലവ് വരുന്ന കണക്ഷനുകൾക്ക് ഇപ്രകാരം കൂടുതലായി വരുന്നതുക കൺസ്യൂമർ കോൺട്രിബ്യൂഷനായി ബോർഡിനു നൽകേണ്ടതുണ്ട്.

ബാലുശ്ശേരി ഗ്രാമീണ ശുദ്ധജല പദ്ധതിക്കുള്ള വൈദ്യുതി

193 [209] ശ്രീ. എ. സി: ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽപ്പെട്ട ബാലുശ്ശേരി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി വിദ്യുച്ഛക്തി കണക്ഷനു കേരളാ വാട്ടർ ആൻറ് വേസ്റ്റ്വാട്ടർ അതോറിറ്റി അപേക്ഷിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്നാണു അപേക്ഷിച്ചിരുന്നത് എന്ന് വെളിപ്പെടുത്താമോ?

(സി) ഈ കണക്ഷൻ നൽകുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ഡി) കണക്ഷൻ എന്നു കൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 1984 നവംബർ 28-ന്.

(സി, ഡി) 1.3. കി.മീ. 11 കെ. വി. ലൈൻ ഒരു 63 കെ.വി.എ. ട്രാൻസ്ഫോർമറും 300 മീറ്റർ എൽ. റ്റി. ലൈനും ഉൾപ്പെട്ട 95,620 രൂപ മതിപ്പു ചിലവുള്ള ഈ ജോലിക്കുവേണ്ടി ടർഘാസ് വിളിച്ചെങ്കിലും ആരും തന്നെ ടെണ്ടർ നൽകിയില്ല. അതുകൊണ്ട് റീടെണ്ടർ ചെയ്തു കരാർ ഉറപ്പിക്കാനുള്ള നടപടികൾ ബോർഡ് എടുത്തു വരുന്നു. കഴിയുന്നതും വേഗം ഈ ജോലി പൂർത്തീകരിക്കുന്നതാണ്.

കണ്ണൂക്കര മുതൽ വെള്ളിക്കുളങ്ങര വരെ വിദ്യുച്ഛക്തി ലൈൻ നീട്ടാൻ നടപടി

194 [210] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ തലശ്ശേരി ഡിവിഷനിലെ മുട്ടുങ്ങൽ മേജർ സെക്ഷനതിർത്തിയിൽപ്പെട്ട കണ്ണൂക്കര മുതൽ ഒഞ്ചിയം വഴി വെള്ളിക്കുളങ്ങര വരെ വിദ്യുച്ഛക്തി ലൈൻ വലിക്കുന്നതിനു ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ പ്രദേശത്ത് മിനിമം ഗാരണ്ടി വെച്ചിട്ടുള്ളവരുടെ വീടുകളിലേക്ക് കണക്ഷൻ നൽകാതിരിക്കുന്നതിന്റെ കാരണമെന്താണ്;

(സി) മെറ്റീരിയൽസ് ഇല്ലാത്തതുകൊണ്ടാണ് ലൈൻ വലിച്ചു കഴിഞ്ഞിട്ടും വീടുകൾക്ക് കണക്ഷൻ നൽകാതിരിക്കുന്നതെന്നറിയുന്നത് ശരിയാണോ;

(ഡി) എങ്കിലിതിനാവശ്യമായ മെറ്റീരിയൽസ് അലോട്ടു ചെയ്യുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എച്ച്. റ്റി. യും എൽ.റ്റി. യും ലൈൻ വലിച്ചുകഴിഞ്ഞു. സർവ്വീസ് ലൈൻ മാത്രം വലിക്കാനുണ്ട്.

(ബി) വേണ്ടത്ര ഇലക്ട്രിക് പോസ്റ്റുകൾ ലഭ്യമല്ലാത്തതാണ് കാരണം.

(സി, ഡി) പോസ്റ്റുകൾ ലഭ്യമാക്കുന്നതിനു അടിയന്തിര നടപടി സ്വീകരിച്ചുകഴിഞ്ഞു. പോസ്റ്റുകൾ കിട്ടിക്കഴിഞ്ഞാൽ ഇപ്പോഴുള്ള കാലതാമസം ഒഴിവായിക്കിട്ടുന്നതാണ്.

എടക്കര പ്രദേശത്തേക്കു വൈദ്യുത ലൈൻ നീട്ടാൻ നടപടി

195 [211] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽപ്പെട്ട ഏരഞ്ഞിക്കൽ ഇലക്ട്രിക്കൽ സെക്ഷനിലെ എടക്കര പ്രദേശത്തേക്കു വൈദ്യുത ലൈൻ നീട്ടുന്ന പ്രവൃത്തി എന്നു പൂർത്തിയാക്കാൻ കഴിയും?

LIBRARY ARCHIVES Kerala Legislative Assembly